ഇറയം റിസർച്ച് ജേർണൽ
Volume II Issue 1

# ജാതി വിമർശനവും അധികാരവിമർശനവും 'നൂറ് സിംഹാസങ്ങൾ' എന്ന നോവലിൽ

ചിത്രുജ .കെ. വി .

അധികാരവും ജാതിയും തമ്മിലുള്ള ബന്ധ വൈരുദ്ധ്യങ്ങൾ ചർച്ച ചെയ്യുന്ന നോവലാണ് നൂറു സിംഹാസങ്ങൾ. ധർമ്മപാലൻ എന്ന നായാടി സമുദായക്കാരൻ നേരിടുന്ന സാമൂഹിക വൈയക്തിക പ്രശ്നങ്ങളെയാണ് നോവൽ ചർച്ച ചെയ്യുന്നത്. സ്വാതന്ത്ര്യാനന്തരം സാമൂഹികവും സാമ്പത്തികവുമായി അടിച്ചമർത്തപ്പെട്ടിരുന്ന ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ട് വരുന്നതിനു ജാതിസംവരണം കൊണ്ടുവന്നു. സംവരണം നടപ്പിലാക്കി ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും സംവരണത്തിന്റെ അടിസ്ഥാനത്തിൽ ദളിതനും മറ്റു പിന്നോക്ക വിഭാഗങ്ങളും അധികാരസ്ഥാനങ്ങളിൽ എത്തിയെങ്കിലും സാമൂഹികതലത്തിൽ അവന്റെ ഇടം എവിടെയാണ് എന്ന അന്വേഷണമാണ് ഈ പഠനത്തിലൂടെ ലക്ഷ്യമാക്കു ന്നത്.

## ജാതി വ്യവസ്ഥ ഇന്ത്യയിൽ

മനുഷ്യവംശത്തിന്റെ ഉത്ഭവവും പിന്നീട് അത് നിലനിന്നുപോന്നിരുന്ന കാലഘട്ടങ്ങളും പരിശോധിക്കുമ്പോൾ ലോകത്തെമ്പാടും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏറിയും കുറഞ്ഞും ജാതിവ്യവസ്ഥയ്ക്ക് തുല്യമായ അവസ്ഥകൾ നിലനിന്നുപോന്നിരുന്നു. അത് ചിലപ്പോൾ വർണ്ണവിവേചനം പോലുള്ള ജൈവികവും ഘടനാപരവുമായ മാനുഷികാവസ്ഥകളുടെ അടിസ്ഥാനത്തിലാകാം, മറ്റു ചിലപ്പോൾ വംശീയപരമായതോ ഗോത്രാധിഷ്ഠിതമോ ഭാഷാപരമോ ആവാം. അങ്ങനെ എന്ത് തന്നെയായിരുന്നാലും പലതരത്തിലുള്ള വിവേചനങ്ങൾ

ലോകത്തെമ്പാടും നിലനിന്നിരുന്നു എന്നത് ഒരു വസ്തുതയാണ്. അത്തരത്തിൽ നോക്കുമ്പോൾ ഇന്ത്യയുടെ സാമൂഹിക അന്തരീക്ഷത്തിൽ നിലനിന്നിരുന്നതും പിന്നീട് നിലനിർത്തി പോന്നതുമായ ഒരു വ്യവസ്ഥാപിത സമ്പ്രദായമായി ജാതിവ്യവസ്ഥയെ കാണാവുന്നതാണ്. ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ ഉത്പത്തിയെപ്പറ്റി രണ്ട് തരത്തിലുള്ള അഭിപ്രായമാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. ആദ്യത്തേത്, ആര്യന്മാരാണ് ഇന്ത്യയിൽ ജാതി വ്യവസ്ഥ കൊണ്ടുവന്നത് എന്നാണ്. മറ്റൊരഭിപ്രായം ആര്യൻമാരുടെ ആഗമനത്തിന് മുമ്പ് തന്നെ ഇന്ത്യയിൽ ജാതി സമ്പ്രദായം നിലനിന്നിരുന്നു എന്നുമാണ് . വസ്തുത എന്തു തന്നെയായാലും അടിസ്ഥാനപരമായി ഇന്ത്യയിൽ നാലുതരത്തിലുള്ള ജാതികളാണ് ഉണ്ടായിരുന്നത്. അവ പൊതുവേ വർണാശ്രമം / ചാതു വർണ്യം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ശൂദ്ര-വൈശ്യ-ക്ഷത്രിയ പിന്നെ ബ്രാഹ്മണർ എന്നിവയായിരുന്നു ആ തരംതിരിവ്. അതായത് ചെയ്യുന്ന തൊഴിലിന്റെ സ്വഭാവത്തിനനുസരിച്ചുള്ള ജാതീയ സമ്പ്രദായംആണ് വർണ്ണാശ്രമവ്യവസ്ഥയിൽ ഉരുത്തിരിഞ്ഞുവന്നത്.എങ്കിലും കാലക്രമത്തിൽ ഇത്തരത്തിലുള്ള സമ്പ്രദായത്തിനു മാറ്റം വരികയും ജാതിവ്യവസ്ഥയ്ക്ക് ആധാരം “ ഗുണമല്ല പകരം കുലം” എന്ന നിലയിലേക്കുള്ള പരിവർത്തനം സംഭവിച്ചപ്പോൾ അത് വിവേചനപരമായ ഒരു തരംതിരിവ് ഇന്ത്യൻസമൂഹത്തിൽ സൃഷ്ടിക്കുകയും, വ്യക്തിപരമായ ഗുണങ്ങൾ അല്ല മറിച്ച് ജനിച്ച കുലം എന്നത് സാമൂഹികപരമായി കൂടുതൽ സ്വാഗതം ചെയ്യപ്പെടുന്ന തരത്തിലുള്ള ഒരു അപനിർമ്മിതിയിലേക്ക് സമൂഹം മാറ്റപ്പെടുകയും ഉണ്ടായി. അത്തരത്തിൽ ജാതി വ്യവസ്ഥയുടെ

ഗുണഭോക്താക്കളായും ഉപയുക്താക്കളായും നിലനിന്നവർ സാമ്പത്തികമായും ഭരണനിർവ്വഹണ സംവിധാനങ്ങളിലും കൂടുതൽ ശക്തരാകയും എന്നാൽ അതിന്റെ ഇരകകളായവർ കാലക്രമത്തിൽ സാമൂഹികവും സാമ്പത്തികവും ഭരണപരവുമായ മേഖലകളിൽ നിന്ന് അവരറിയാതെ തന്നെ തുടച്ചു നീക്കപ്പെടുകയും ഉണ്ടായി.

**ജാതിവ്യവസ്ഥ കേരളത്തിൽ**

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരു സാമൂഹിക പശ്ചാത്തലത്തിന്റെ നിർമ്മിതി വളരെ വൈകിയാണ് കേരളത്തിൽ സംഭവിച്ചത് എന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. അതേസമയം തന്നെ ജാതി വ്യവസ്ഥക്കെതിരെയുള്ള സാമൂഹിക നവോത്ഥാനം കേരളത്തിൽ വളരെ വേഗം ശക്തി പ്രാപിക്കാൻ തുടങ്ങി എന്നതും കേരളത്തിന്റെ പൊതുവായ സാമൂഹിക പശ്ചാത്തലത്തിൽ പരിശോധിക്കപ്പെടടേണ്ടതു തന്നെയാണ്. കേരളത്തെ സംബന്ധിച്ച് ഇന്ത്യയുടെ മറ്റ് പ്രദേശങ്ങളിൽ ഉണ്ടായിരുന്ന ചാതുർവർണ്യ വ്യവസ്ഥ ഒരു ജാതി വ്യവസ്ഥയുടെ ഭാഗമായി കേരളത്തിൽ ശക്തമായി ഉണ്ടായിരുന്നില്ല എന്ന് വേണം മനസിലാക്കാൻ. പകരം സവർണ്ണൻ/അവർണ്ണൻ എന്ന തരത്തിലുള്ള ഒരു ജാതീയ പശ്ചാത്തലമാണ് ഉണ്ടായിരുന്നത്. അതായത് ബ്രാന്മണർ ഉൾപ്പെടെയുള്ളവർ സവർണ്ണരായി നിലകൊണ്ടപ്പോൾ ബാക്കിയെല്ലാ സമുദായങ്ങളെയും അവർണ്ണരായി മാത്രം കരുതപ്പെട്ടു എന്ന് സാരം. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള വേർതിരിവുകൾ തന്നെയാണ് കേരളത്തിലും പൊതുവായി ജാതി വ്യവസ്ഥയുടെ മുന്നോട്ടുള്ള വളർച്ചയിൽ ഊർജ്ജമായി നിലകൊണ്ടത് .ഇന്ത്യയിലെ

മറ്റ് പ്രദേശങ്ങളിൽ ജാതി തൊഴിൽ വിഭജനത്തിനും ക്രമേണ തൊഴിലാളി വിഭജനത്തിനുമുള്ള മാർഗമായി രൂപപ്പെട്ടുവെങ്കിലും, കേരളത്തെ സംബന്ധിച്ച് ജാതി തൊഴിൽ വിഭജനത്തിൽ നിന്ന് തൊഴിലാളി വിഭജനമായി മാറാൻ തുടങ്ങിയപ്പോൾ അതൊരു അപരിഷ്കൃതമായ സാമൂഹ്യ നിർമ്മിതിയായി പരിണമിക്കും എന്ന ഘട്ടത്തിൽ നവോത്ഥാന നായകരും സാമൂഹ്യ പരിഷ്കർത്താക്കളും അതിനെതിരെ നിലകൊണ്ടു ജാതി വ്യവസ്ഥയുടെ ചരിത്രത്തിൽ വ്യത്യസ്ഥമായ നിലപാടെടുക്കാൻ കേരളത്തിനായി എന്നത് വിസ്മരിക്കാനാകാത്ത വസ്തുതയാണ്. മാത്രമല്ല 1957 ലെ മികച്ച ഭൂമി നിയമം , കുടിയിറക്ക് വിരുദ്ധ നിയമം , 1970 ലെ ഭൂപരിഷ്കരണ നിയമം എന്നിവ കേരളത്തിലെ സാമൂഹിക സാമ്പത്തിക നവോത്ഥാന പ്രക്രിയയിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് .

**ജാതിസംവരണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

ചുരിക്കിപ്പറഞ്ഞാൽ ചരിത്രപരവും സാമൂഹികപരവുമായ കാരണങ്ങളാൽ അടിച്ചമർത്തപ്പെട്ട് സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന വിഭാഗങ്ങളെ പൊതുധാരയിലേക്കെത്തിക്കുക എന്നതാണ് സംവരണത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും. ഇന്ത്യയിലെ ജാതി സംവരണത്തിന്റെ അടിത്തറ പ്രധാനമായും മൂന്ന് കാര്യങ്ങളിൽ നിന്നുമാണ് ഉണ്ടായി വന്നിട്ടുള്ളത്. ഒന്നാമതായി ഭരണഘടനാ തത്വങ്ങൾ,രണ്ടാമത് സംവരണം അടിസ്ഥാനമാക്കി പലകാലങ്ങളായി വന്ന കോടതി വിധികൾ , മൂന്നാമാതായി പ്രാദേശികമായ റൂൾസ് ആൻഡ് റഗുലഷൻസ് തുടങ്ങിയവ. അതായത് ജാതി സംവരണം എന്നത് ഒരു ജനാധിപത്യ അവകാശമാണ്. *ഇൻഡ്യൻ ഭരണഘടനയുടെ*

*അനുഛേദം 16(4) ഇപ്രകാരം ഉറപ്പുനൽകുന്നു "ഈ അനുഛേദത്തിലെ യാതൊന്നും രാഷ്ട്രത്തിന്റെ അഭിപ്രായത്തില് രാഷ്ട്രത്തിന്റെ കീഴിലുള്ള സർവീസുകളിൽ മതിയായിടത്തോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നോക്ക വിഭാഗത്തിൽ പെട്ട പൗരന്മാർക്ക് നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കുന്നതിൽ നിന്ന് രാഷ്ട്രത്തെ തടയുന്നതല്ല." കാലങ്ങളോളം അടിച്ചമർത്തപ്പെട്ട കീഴാള ജനവിഭാഗത്തിന്റെ അവകാശങ്ങളെ സംരക്ഷിക്കാനും അവരെ വിദ്യാഭാസപരമായും സാമ്പത്തികപരമായും സമൂഹത്തിനന്റെ മുൻനിരയിൽ എത്തിക്കുവാനും ഭരണ നിർവ്വഹകണസംവിധാനങ്ങളെ പ്രേരിപ്പിച്ച ഭരണഘടനാനു ഛേദങ്ങളിൽ ഒന്നാണ് മേൽ പ്രസ്താവിച്ചിട്ടുള്ളത്.*

ജാതിയമായ പിന്നോക്കാവസ്ഥ കേവലം ഒന്നോ രണ്ടോ നൂറ്റാണ്ടത്തെ പ്രശ്നമായിരുന്നില്ല. മൂവായിരത്തിനു മേ***ൽ*** വർഷങ്ങളുടെ പഴക്കം ഉണ്ട് അതിന്. സംവരണം എന്നത് ഒരു വിഭാഗം മറ്റൊരു വിഭാഗത്തിനു നൽകുന്ന ഔദാര്യം എന്ന നിലയിലുള്ള വിലയിരുത്തലുകളല്ല ഒരു ജനധിപത്യ സംവിധാനത്തിൽ ഉണ്ടാകേണ്ടത്. വിവിധകാരണങ്ങളാൽ പിന്നോക്കാവസ്ഥയിൽ കഴിയുന്നവർക്ക്, അവരുടെ ജീവിതസാഹചര്യങ്ങൾ മൂലം തന്നെ, ഒരിക്കലും ആ പിന്നോക്കാവസ്ഥ മറികടക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. പരിമിതമായ വിഭവങ്ങളുള്ള അവസരങ്ങളിൽ, ഒരു മത്സരത്തിന്റെ സാഹചര്യമുണ്ടാവുമ്പോള്, അവർക്ക് പിടിച്ചു നിൽക്കാനാവാതെ പിന്തള്ളപ്പെട്ടു പോവേണ്ടി വരുന്നതു

സ്വാഭാവികം. അത്തരക്കാരെ, പുറത്തുനിന്നുള്ള ഒരു കൈത്താങ്ങോടു കൂടിത്തന്നെ ഉയർത്തിവിടേണ്ടി വരും. അതിനുള്ള പലമാർഗ്ഗങ്ങളിലൊന്നാണ് അല്ലെങ്കില് നിർബന്ധമായും കുറച്ച് വിഭവങ്ങൾ അവർക്കു മാത്രമായി നീക്കിവയ്ക്കുക എന്നതാണ് - സംവരണം.( ചട്ടമ്പി സ്വാമികള് ഒരു തൈഷണിക ജീവചരിത്രം) ആധുനിക ജനാധിപത്യ പ്രക്രിയയിൽ,സംവരണമെന്ന നിയമ പരിരക്ഷകൊണ്ടു മാത്രം അധികാരത്തിലെത്തിയവരാണ് ദലിതർ ഉൾപ്പെടെയുള്ള പിന്നോക്ക ജനവിഭാഗങ്ങൾ.

## നായാടി സമുദായത്തിന്റെ ചരിത്രം

ചരിത്ര രേഖകൾ പരിശോധിക്കുമ്പോൾ അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഒരു ജനവിഭാഗമാണ് നായാടികൾ എന്ന വിവരമാണ് ലഭിക്കുന്നത്. കേരളത്തിൽ പൊതുവെ കോഴിക്കോട് പാലക്കാട് ജില്ലകളിലാണ് ഇവരുടെ സാന്നിധ്യം കൂടുതലായി ഉള്ളത്. ഇവർക്കെതിരെ ശക്തമായി അയിത്തം കല്പിക്കപ്പെട്ടിരുന്നു. മറ്റു ജാതിക്കാരുടെ കണ്മുന്നിലേയ്ക്ക് വരാൻ പോലും ഇവർക്ക് അവകാശമില്ലായിരുന്നു, അഥവാ വന്നു പോയാൽ ആട്ടിയോടിയ്ക്കപ്പെട്ടിരുന്നു. ഇവരുടെ സാന്നിധ്യം 72 അടി ദൂര വച്ചുപോലും മേൽജാതിക്കാരെ അശുദ്ധമാക്കുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. മഹാത്മാഗാന്ധി നായാടികളെ കുറിച്ച് 'യങ്-ഇന്ത്യയിൽ' ലേഖനം എഴുതിയിട്ടുണ്ട്. മറ്റു ചില രേഖകളിൽ നായാടികൾ വേട്ടക്കാർ ആയിരുന്നു എന്ന വിവരവും ലഭിക്കുന്നുണ്ട്. 'കേരളത്തിലെ ഹിന്ദു വർഗ്ഗങ്ങളുടെ ജാതിശ്രേണിയിലെ ഏറ്റവും കുറഞ്ഞ പടിയിൽ ആയിരുന്നു ഇവരുടെ സ്ഥാനം. അവർ ഗ്രാമങ്ങളിൽനിന്ന് പുറന്തള്ളപ്പെടുകയും മലയടിവാരത്തിലെ

കൃഷിഭൂമിയിൽ ജീവിക്കുകയും ചെയ്തു. ഏതാനും കുറ്റിച്ചെടി കൂട്ടമോ പാറയോ ആയിരുന്നു അവരുടെ അഭയ കേന്ദ്രങ്ങൾ. അവർ വിജനമായ ചുറ്റുപാടുകളിൽ കഴിയാൻ ആഗ്രഹിച്ചു. ഇലകൾ കൊണ്ടോ ദല സമൃദ്ധമായ ചെടി തണ്ടുകൾ കൊണ്ടോ നഗ്നത മറച്ചു. നായാടി ഒരാളെ തീണ്ടിയാൽ അയാൾ 7 പുഴകളിലും കുളങ്ങളിലും മുങ്ങിക്കുളിക്കുകയും തന്റെ ചെറു വിരലിൽ നിന്ന് കുറച്ചു രക്തം ഒഴുക്കിക്കളയും വേണം എന്ന വിശ്വാസം നിലനിന്നിരുന്നു[1]. നൂറു സിംഹാസനങ്ങൾ എന്ന നോവലിന്റെ പന്ത്രണ്ടാം പേജിൽ നായാടി സമുദായത്തെ പറ്റി തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ പറഞ്ഞിരിക്കുന്നത് എന്ന രീതിയിൽ ഒരു അവതരണം കാണാം. അതിൽ പറയുന്നത് " *നായാടികൾ അലഞ്ഞുതിരിയുന്ന കുറവരാണ്. ഇവരെ കണ്ടാൽ തന്നെ അയിത്തമാണ് എന്നായിരുന്നു വിശ്വാസം.അതുകൊണ്ട് പകൽ വെട്ടത്തിൽ സഞ്ചരിക്കാനുള്ള അവകാശം ഇവർക്കില്ലായിരുന്നു. ഇവരെ നേർക്കുനേർ കണ്ടാൽ ഉയർന്ന ജാതിക്കാർ ഒച്ചയും ബഹളവും ഉണ്ടാക്കി ആളെക്കൂട്ടി ചുറ്റി വളഞ്ഞ് കല്ലെടുത്തെറിഞ്ഞ് കൊല്ലുകയാണ് പതിവ്. അതുകൊണ്ട് ഇവർ പകൽ മുഴുവൻ കാടിനുള്ളിൽ ചെടികളുടെ ഇടയ്ക്ക് കുഴി തോണ്ടി അതിൽ കുഞ്ഞുകുട്ടികളോടെ പന്നികളെ പോലെ ഒളിച്ചിരിക്കുകയാണ് പതിവ്. രാത്രി പുറത്തേയ്ക്കിറങ്ങി ചെറുപ്രാണികളെയും പട്ടികളെയും പിടിക്കും. ഇവർ മൂധേവിയുടെ അംശം ഉള്ളവരാണെന്ന വിശ്വാസം ഉള്ളതു കൊണ്ട് ഇവർക്ക് തവിട്, എച്ചിൽ ഭക്ഷണം, ചീഞ്ഞ വസ്തുക്കൾ തുടങ്ങിയവ ചിലർ വീടിന് വളരെ അകലെ കൊണ്ടുവയ്ക്കുന്ന പതിവുണ്ട്. ഇവർ കയ്യിൽ*

.

*കിട്ടുന്ന എന്തും തിന്നും. പുഴുക്കൾ, എലികൾ, ചത്തുപോയ ജീവികൾ എല്ലാം ചുട്ടുതിന്നും. മിക്കവാറും പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും പച്ചയായിത്തന്നെ കഴിക്കും പൊതുവേ കുറിയ കറുത്ത മനുഷ്യരാണ്. നീളമുള്ള വെളുത്ത പല്ലുകളും വലിയ വെളുത്ത കണ്ണുകളും ഉള്ളവർ ഇവരുടെ ഭാഷ പഴന്തമിഴ് ആണ്. ഇവർക്ക് ഒരു കൈത്തൊഴിലും അറിയില്ല. ഇവരുടെ കയ്യിൽ സ്വന്തമായി യാതൊരു വസ്തുക്കളും ഉണ്ടായിരിക്കില്ല. ഇവർക്ക് സ്ഥിരമായി പാർപ്പിടം ഇല്ല എന്നതുകൊണ്ട് തന്നെ ഇവരെ ഒരിടത്തും സ്ഥിരമായി കാണാൻ കഴിയുകയുമില്ല. തിരുവിതാംകൂറിൽ ഇവർ എത്ര പേരാണ് ഉള്ളത് എന്ന് കൃത്യമായി പറയാൻ കഴിയില്ല. ഇവരെക്കൊണ്ട് സർക്കാരിന് യാതൊരു വരുമാനവും ഇല്ല.'* നായാടികൾ നിലവിൽ പട്ടികജാതി വിഭാഗത്തിലാണ് പെടുന്നത്. അവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**നൂറ് സിംഹാസനങ്ങളിലെ പ്രമേയം**

5 അധ്യായങ്ങളും 55 പേജുകളും മാത്രമുള്ള വളരെ ചെറിയൊരു നോവലാണ് എസ്.ജയമോഹൻ എഴുതിയ "നൂറ്സിംഹാസനങ്ങൾ". ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായ പ്രജാനന്ദൻ ധർമ്മപാലൻ എന്ന് പേര് ചൊല്ലി വിളിച്ച നായാടി സമുദായക്കാരൻ സിവിൽ സർവീസ് പരീക്ഷ വിജയിച്ച് ജോലിയിൽ പ്രവേശിക്കുന്നതും തമിഴ്നാട്ടിലെ സേവന കാലത്തിനിടയ്ക്ക് നേരിടേണ്ടിവരുന്ന അധികാര ജാതീയ വെല്ലുവിളികളും ആണ് നോവലിന്റെ പ്രമേയം. ഏഴ് വയസ്സ് വരെ തിരുവനന്തപുരം നഗരത്തിൽ അമ്മയോടൊപ്പം കിട്ടുന്നതെന്തും ഭക്ഷിച്ച് (അത് മാലിന്യമോ ചത്ത എലിയോ ഒക്കെ ആവാം)

ഒടുങ്ങാത്ത വിശപ്പുമായി അലഞ്ഞുതിരിഞ്ഞ കുട്ടിയാണ് ധർമ്മപാലൻ. ചോറ് കിട്ടുമെന്ന ഒറ്റ ആകർഷണത്തിൽ പ്രജാനന്ദന്റെ ആശ്രമത്തിലെത്തിയ കുട്ടി അവിടെനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടുകയും പിന്നീട് ആശ്രമം തന്നെ പാലക്കാട്ടും ആലുവയിലും അയച്ച സ്കൂൾ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും പൂർത്തിയാക്കാൻ സഹായിക്കുന്നു. ശേഷം പ്രജാനന്ദന്റെ നിർദ്ദേശപ്രകാരം ധർമ്മപാലൻ സിവിൽ സർവീസ് പരീക്ഷ എഴുതുന്നു. മധുരയിൽ സർവീസിൽ പ്രവേശിക്കുന്നു. സേവന കാലത്ത് നേരിടേണ്ടിവരുന്ന ജാതി അധിക്ഷേപങ്ങളും അധികാര സംഘർഷങ്ങളും നോവൽ ചിത്രീകരിക്കുന്നു.

**കഥാപാത്ര സവിശേഷതകൾ**

ധർമ്മപാലനും അമ്മയുമാണ് പ്രധാനകഥാപാത്രങ്ങൾ. ധർമ്മപാലന്റെ ഭാര്യ സുധ ,ഡോക്ടർ മാണിക്യം, പ്രജാനന്തൻ, ബോധാനന്ദൻ, ഓഫീസ് പ്യൂൺ കുഞ്ഞൻ നായർ തുടങ്ങിയവരാണ് കഥാപാത്രങ്ങൾ. ധർമ്മപാലൻ അമ്മയോടും ഭാര്യയോടും മകനോടും സ്നേഹമുള്ളവനും സമൂഹത്തിനുവേണ്ടി നല്ലകാര്യങ്ങൾ ചെയ്യണമെന്ന ആഗ്രഹവും ഉള്ള സിവിൽ സർവീസ് ഉദ്യോഗസ്ഥനാണ്. പഠിക്കാൻ സമർഥനായ കുട്ടിയായിരുന്നു ധർമ്മപാലൻ. ആദ്യം ഭക്ഷണത്തോട് ഉണ്ടായിരുന്ന വിശപ്പ് പിന്നീട് പുസ്തകങ്ങളോടായി. പഠനം മാത്രമായിരിന്നു ബോധാബോധങ്ങളിൽ. പക്ഷെ സിവിൽ സർവീസ് നേടി മധുരയിൽ ജോലിയിൽ പ്രവേശിക്കുന്നതോടുകൂടി ജാതിവ്യവസ്ഥയുടെ ഇരയാവുകയും സ്വന്തം അധികാരം പ്രയോഗിക്കാനോ അവകാശങ്ങൾ നേടിയെടുക്കാനോ

കഴിയാതെയും പോകുകയും ചെയ്യുന്ന ധർമ്മപാലൻ. ഭാര്യ സുധ അദ്ദേഹത്തെ ബാല്യ എന്നാണ് സംബോധന ചെയ്യുന്നത്.

ധർമ്മപാലന്റെ അമ്മ അലഞ്ഞുതിരിയുന്ന, ഭക്ഷണമായി എന്തും കഴിക്കുന്ന, മനുഷ്യജീവിതത്തിന്റെ പുറംമോടികളെ കുറിച്ച് യാതൊരു ധാരണയുമില്ലാത്ത നായാടി സ്ത്രീയാണ്. അവർ പ്രസവിച്ച പത്തു മക്കളിൽ ധർമ്മപാലൻ ഒഴികെ ബാക്കിയെല്ലാവരും മരിച്ചു പോയിരുന്നു . അവരുടെ ഭാഷ നായാടികൾക്ക് മാത്രം മനസ്സിലാകുന്ന ഭാഷയാണ്. അവർ ആരെയും ശ്രവിക്കാറില്ല. ആർക്കും അവരെ ഒന്നും ബോധ്യപ്പെടുത്താനും കഴിയില്ല. "എവിടെ പോകാനും അവർക്ക് അവരുടേതായ വഴികളും വഴിത്തുണകളുമുണ്ട്" എന്ന് ധർമ്മപാലൻ. നിരക്ഷരയും പരിഷ്കൃത സമൂഹവുമായ് ബന്ധം ഇല്ലാത്തവളുമാണെങ്കിലും ധർമ്മപാലനെക്കാൾ ധൈര്യവും അവകാശബോധവും അവർക്കുണ്ടെന്ന് സുധയോടുള്ള പെരുമാറ്റത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

പ്രജാനന്ദൻ ശ്രീനാരായണഗുരുവിന്റെ ശിഷ്യനാണ്. അദ്ദേഹത്തിന്റെ തിരുവനന്തപുരത്തെ ആശ്രമത്തിൽ ഒടുങ്ങാത്ത വിശപ്പുമായി എത്തിയ കുട്ടിക്ക് അന്നവും അറിവും പേരും നൽകി അദ്ദേഹം. ധർമ്മപാലന് ജാതി വിവേചനം അശേഷം നേരിടേണ്ടിവന്നിട്ടില്ലാത്ത ഒരേ ഒരു സ്ഥലം പ്രജാനന്ദന്റെ ആശ്രമമാണ്. വയറിന്റെ വിശപ്പിനെ ബുദ്ധിയുടെ വിശപ്പാക്കി മാറ്റി നായാടി ബാലനെ സിവിൽ സർവീസിൽ വരെ എത്തിച്ചത് പ്രജാനന്ദൻ ആണ്.

ജാതിയിൽ താഴ്ന്നവനായതുകൊണ്ട് മാത്രം തോട്ടി ഡോക്ടർ ആയി ജീവിതം തള്ളിനീക്കേണ്ടിവരുന്ന ഡോക്ടർ മാണിക്യവും ജാതി അധികാരത്തിൻറെ മറ്റൊരു ഇരയാണെന്ന് കാണാം. എങ്കിലും തന്നെക്കൊണ്ട് ചെയ്യാൻ കഴിയുന്ന സേവനം എല്ലാം സഹിച്ചു കൊണ്ട് അദ്ദേഹം ചെയ്യുന്നു.

ധർമ്മപാലന്റെ ഭാര്യ സുധ സവർണ്ണ സ്ത്രീയാണ്. എഴുത്തുകാരൻ ആ ഒറ്റക്കാരണം കൊണ്ടുതന്നെ സുധയെ പ്രതിസ്ഥാനത്ത് നിർത്തി അവതരിപ്പിക്കുന്നത് പോലെ തോന്നും. ധർമ്മപാലൻ കാര്യമായ പരിഗണന സുധയുടെ അഭിപ്രായങ്ങൾക്ക് നൽകുന്നില്ല. മൃഗീയമായ പീഡനമാണ് ധർമ്മപാലന്റെ അമ്മ സുധയോട് കാണിക്കുന്നത്. തന്നെ ഉപയോഗിച്ച് അവൾ പ്രശസ്തിയും അധികാരവും നേടുന്നു എന്ന അപകർഷതാബോധം ധർമ്മപാലനെ വേട്ടയാടുന്നുണ്ട്. തന്റെ മകനെ അവൾ പൂർണമായും കയ്യടക്കി എന്നും എങ്ങനെയെങ്കിലും അവളെ ഓടിക്കുക എന്നത് മാത്രമാണ് അമ്മയുടെ ലക്ഷ്യം. എന്നാൽ സുധ അതെല്ലാം സഹിക്കുകയും ധർമ്മപാലന് ആത്മധൈര്യം കൊടുക്കുവാനും അയാളുടെ അധികാരശക്തിയും ദൌര്ബല്യങ്ങളും അയാളെ ബോധ്യപ്പെടുത്താനും ശ്രമിക്കുന്നുണ്ട്.

കുഞ്ഞൻ നായർ ,സെൻ ഗുപ്ത രമണി ,സ്റ്റീഫൻ, ബോധാനന്ദൻ, സുന്ദര സ്വാമി, യുവ സാഹിത്യകാരൻ ഡോക്ടർ ഇന്ദിര അമ്മയുടെ തുണയാൾ തുടങ്ങി ഏതാനും സന്ദർഭങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളും നോവലിലുണ്ട്.

**സ്ഥലകാല പരിസരങ്ങൾ**

കാലത്തെക്കുറിച്ച് അവ്യക്തമായ സൂചനകളാണ് നോവൽ നൽകുന്നത്. നോവലിന്റെ മുപ്പത്തി രണ്ടാം പേജിൽ താൻ ഇൻറർവ്യൂന് ചെല്ലുന്ന ദിവസമാണ് തിരുവനന്തപുരത്ത് സ്വാമി സമാധിയായ വാർത്ത വന്നത് എന്ന് പറയുന്ന ധർമ്മപാലൻ അതേ ഇൻറർവ്യൂ ദിവസംതന്നെ സെൻ ഗുപ്തയുടെ ചോദ്യത്തിന് പ്രജാനന്ദൻ സമാധിയായത് 1982-ലാണ് എന്ന് പറഞ്ഞിരിക്കുന്നു.( പേജ് നമ്പർ 16). ഇന്ന് നടന്ന സംഭവത്തെ വർഷംകൊണ്ട് സൂചിപ്പിക്കുന്നത് സ്വാഭാവികമല്ലല്ലോ.

തിരുവനന്തപുരം, ഡൽഹി, മധുര, ആലുവ,പാലക്കാട്, നാഗർകോവിൽ എന്നീ സ്ഥലങ്ങൾ നോവലിൽ പരമാർശിക്കുന്നുണ്ട്. ധർമ്മപാലൻ 7 വയസ്സ് വരെ അമ്മയോടൊപ്പം തിരുവനന്തപുരത്ത് അലഞ്ഞു തിരിഞ്ഞു നടക്കുകയും ആശ്രമത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സ്കൂൾ വിദ്യാഭ്യാസത്തിനായി പാലക്കാട്ടേക്കും ഉന്നതവിദ്യാഭ്യാസത്തിനായി ആലുവയിലേക്കും അയച്ച് പഠിപ്പിക്കുന്ന പ്രജാനന്ദന്റെ ആശ്രമം. ശേഷം സിവിൽ സർവീസ് ഇന്റർവ്യൂവിനായി ഡൽഹിയിലേക്ക് പോവുകയും പരീക്ഷ ജയിച്ച് മധുരയിൽ സേവനം ആരംഭിക്കുകയും ചെയ്യുന്നു. നാഗർകോവിലിൽ വച്ചുള്ള അമ്മയുടെ മരണത്തോടുകൂടി നോവൽ അവസാനിക്കുന്നു.

## ജാതിവിമർശനവും അധികാര വിമർശനവും 'നൂറ് സിംഹാസനങ്ങൾ" എന്ന നോവലിൽ -അപഗ്രഥനം

നിറത്തിന്റെയോ ജാതിയുടെയോ പേരിലുള്ള ചൂഷണങ്ങളും അടിച്ചമർത്തലുകളും നൂറ്റാണ്ടുകളായി ലോകത്തിന്റെ വിവിധ ഇടങ്ങളിൽ വിവിധ രൂപങ്ങളിൽ തുടർന്നുപോരുന്നു. ജാതി മത വംശീയ വിദ്വേഷങ്ങളെ തുടച്ചുനീക്കുന്നതിനായി പലനിയമങ്ങളും നിലവിലുണ്ടെങ്കിലും ഇത്തരം വിദ്വേഷങ്ങൾ ഈ ഉത്തരാധുനിക കാലത്തും നിലനിൽക്കുന്നുണ്ട്. ഉയർന്നവനെന്നും അധസ്ഥിതനെന്നും കരുതപ്പെടുന്ന രണ്ടു വിഭാഗങ്ങൾ ഏത് സമൂഹത്തിലും ഉണ്ടായിരിക്കും. ഒന്നാമത്തെ ജനത രണ്ടാമത്തെ ജന വിഭാഗത്തിന് മുകളിൽ തങ്ങളുടെ ആധിപത്യവും അധികാരവും പ്രയോഗിച്ചു കൊണ്ടേയിരിക്കും. അടിച്ചമർത്തപ്പെട്ടവൻ വിദ്യാഭ്യാസം കൊണ്ടോ ധനസ്ഥിതി കൊണ്ടോ ഉന്നത ജാതർക്കിടയിലേക്ക് എത്തിപ്പെട്ടാലും അവൻ നേരിടേണ്ടിവരുന്ന വിവേചനങ്ങൾക്ക് യാതൊരു കുറവും സംഭവിക്കുകയില്ല. ഉദ്യോഗ പദവികൊണ്ട് അവൻ തങ്ങളെക്കാൾ ഒരുപാട് മുകളിലാണെങ്കിലും അംഗീകരിച്ചു കൊടുക്കില്ല.

ജാതിയുടെയും നിറത്തിന്റെയും സാമൂഹിക സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അവനെ അധിക്ഷേപിക്കാനും അവഹേളിക്കുവാനും കിട്ടുന്ന ഒരവസരവും മറ്റുള്ളവർ പാഴാക്കുകയും ഇല്ല . ഈയൊരു സാഹചര്യം തന്നെയാണ് 'നൂറ് സിംഹാസനങ്ങൾ'എന്ന നോവലിലും നിലനിൽക്കുന്നത്. നോവലിലെ കേന്ദ്രകഥാപാത്രമായ ധർമ്മപാലൻ സിവിൽ സർവീസ് ഉദ്യോഗസ്ഥനാണ്. താഴ്ന്ന

ജാതിക്കാരൻ എന്ന ഒറ്റക്കാരണംകൊണ്ട് അയാൾ നേരിടേണ്ടിവരുന്ന മാനസിക ആഘാതങ്ങളും നിസ്സഹായതയും ചെറുതല്ല. ജീവനക്കാർ ആരുംതന്നെ അദ്ദേഹത്തിന്റെ പദവിയെ അംഗീകരിക്കുകയോ അനുസരിക്കുകയോ ചെയ്യുന്നില്ല. അദ്ദേഹത്തിന്റെ ഉത്തരവുകൾക്ക് പരിഹാസ ശ്രുപേണയുള്ള പ്രതികരണമാണ് അവർ നൽകുന്നത്. ധർമ്മപാലന്റെ അമ്മ ആശുപത്രിയിലാണെന്ന് പ്യൂൺ കുഞ്ഞൻനായർ അറിയിക്കുന്നത് മുതൽ അപമാനവും അപകർഷതയും ധർമ്മപാലന്റെ ഉറക്കം കെടുത്തുന്നു. കുഞ്ഞൻനായർ സ്നേഹം കൊണ്ടോ ആദരവ് കൊണ്ടോ അല്ല ആ വാർത്ത ധർമ്മപാലനെ അറിയിക്കുന്നത്, മേൽ ഉദ്യോഗസ്ഥനായ കീഴ് ജാതിക്കാരനെ അപമാനിക്കുവാൻ തന്നെയാണ്. നിങ്ങൾ ഇവിടെ ഇരിക്കാൻ യോഗ്യനല്ലെന്നും ഞങ്ങളുടെ ഔദാര്യം കൊണ്ട് ഇവിടെ നിലനിന്ന് പോവുകയാണെന്നും ഉള്ള ഓർമ്മപ്പെടുത്തലാണ് അത്.

ജോലിയിൽ പ്രവേശിക്കുന്നതിന്റെ തലേദിവസം തന്റെ മേലുദ്യോഗസ്ഥനെ കണ്ട് മടങ്ങുംവഴി തന്റെ മുറിയിലേക്ക് നോക്കുന്ന ധർമ്മപാലൻ കാണുന്നത് നല്ല ഉയരമുള്ള സിംഹാസനം പോലുള്ള കസേരയാണ്. എന്നാൽ പിറ്റേദിവസം ധർമ്മപാലൻ മുറിയിലേക്ക് കടന്നുചെല്ലുമ്പോൾ കാണുന്നത് ഒരു പഴയ ചൂരൽ കസേരയാണ്. സിംഹാസനം പോലുള്ള പുതിയ കസേര അവിടെ നിന്നും മനപൂർവ്വം നീക്കപ്പെട്ടിരുന്നു. ജാതിയിൽ താഴ്ന്നവനോടുള്ള ആദ്യ പ്രതികാരം. നീ താഴ്ന്നവനാണെന്നും നിനക്ക് ഇതിനെ അർഹതയുള്ളൂ എന്നുമുള്ള അവഹേളനം ഉയർന്ന സിവിൽ സർവീസ്

ഉദ്യോഗസ്ഥനോട് അദ്ദേഹത്തിന്റെ കീഴ്ജീവനക്കാർ കാണിക്കുന്ന നീതികേടാണ് ഇത്. നിന്റെ അധികാര പരിധിയും അധികാരസ്ഥാനവും ഞങ്ങൾ തീരുമാനിക്കും എന്ന ധാർഷ്ട്യമാണ് അവിടെ കണ്ടത്. പ്രതിഷേധിക്കാനോ പ്രതികരിക്കാനോ തനിക്കവകാശപ്പെട്ട കസേര ചോദിച്ചു വാങ്ങുവാനോ ധർമപാലന്റെ അപകർഷതാബോധം അനുവദിക്കുന്നില്ല. അപകർഷതാബോധം അയാളെ നോവലിൽ ഉടനീളം വേട്ടയാടുന്നുണ്ട്.

കസേര അധികാരത്തിന്റെ പ്രതീകമായി പ്രത്യക്ഷപ്പെടുന്ന മറ്റൊരു സന്ദർഭമാണ് കസേരയിലിരിക്കുന്ന ധർമ്മപാലനെ കണ്ട് അമ്മ ഭയന്ന് നിലവിളിക്കുന്നത്. 'നീ തമ്പ്രാൻ കശേരയിലെ ഇരിപ്പിയാടെ .. അയ്യോ.. അയ്യോ" എന്നാണ് അവർ നിലവിളിക്കുന്നത്. കസേര തമ്പ്രാൻ മാർക്കുള്ളതാണ്. അവർ ശിക്ഷിക്കാനും ഭരിക്കാനും അധികാരമുള്ളവരാണ്. ഓവുചാലിൽ നിന്ന് പുറത്തേക്ക് വരുന്ന നായാടിക്ക് കിട്ടുന്നത് കല്ലേറാണ്. അവനെ സംബന്ധിച്ചിടത്തോളം കസേര എന്നത് ക്രൂര മൃഗമാണ്, രക്തം ഇറ്റിക്കുന്ന കൊലപീഠം ആണത്.

പീഡനവും,ചൂഷണവുംനേരിടുന്ന അവശജനത പോലും അവർക്കിടയിൽ പരസ്പരം വിവേചനവും മേൽക്കോയ്മയും പുലർത്തുന്നതും കാണാം. ഹോസ്റ്റലിൽ നായാടി ആയതുകൊണ്ട് മാത്രം ധർമ്മപാലൻ ഒറ്റപ്പെട്ട് പോകുന്നു. ഒരു ആദിവാസി പോലും ധർമ്മപാലനുമായി മുറി പങ്കിടാൻ മുന്നോട്ട് വരുന്നില്ല. കക്കൂസ് ഉപയോഗിക്കാൻ പോലും അവർ അനുവദിച്ചില്ല. അതിനായി തീവണ്ടി പാളമോ ചവറ്റുകുനയോ ഉപയോഗിക്കേണ്ടി വരുന്നു. നായാടിയെ മനുഷ്യനായി പോലും അവർ ആരും

അംഗീകരിക്കുന്നില്ല. സഹപാഠികളിൽ നിന്നും സഹപ്രവർത്തകരിൽനിന്നും അവൻ മാറ്റിനിർത്തപ്പെടുന്നു. ആദിവാസികളായ സഹപാഠികളാൽ നിഷേധിക്കപ്പെട്ട കള്ളസും, സിവിൽ സർവീസ് നേടി എത്തിയപ്പോൾ നിഷേധിക്കപ്പെട്ട കസേരയും തമ്മിൽ വലിയ അന്തരം ഒന്നുമില്ല രണ്ടും അധികാര പ്രയോഗവും ജാതി വേർതിരിവും തന്നെയാണ്.

അധികാരത്തെ സൂചിപ്പിക്കുന്ന മറ്റൊരു ചിഹ്നമാണ് കടലാസുകൾ. കടലാസുകൾ മറിയുന്നത് പോലെ അധികാരത്തെ ഓർമ്മിപ്പിക്കുന്ന മറ്റൊരു ശബ്ദമില്ല .....പതിഞ്ഞ ശബ്ദം..... മർമ്മരം, പക്ഷേ അതിനെ നമ്മുടെ ആത്മാവ് കേൾക്കും എന്ന് പേജ് പതിനൊന്നും പന്ത്രണ്ടും പറയുന്നുണ്ട്. അധികാരികളുടെ കയ്യിലിരിക്കുന്ന കടലാസിന്റെ ചലനം അനുസരിച്ചാണ് ജനതയുടെ ഭാവി നിശ്ചയിക്കപ്പെടുന്നത്. പേജ് നാൽപ്പതിൽ മധുരയിൽ നടന്ന ജനകീയ കോടതിയെ പറ്റി പരാമർശമുണ്ട്. ദൈവത്തിന്റെ മുന്നിലെത്തുന്നവരെപ്പോലെ കയ്യിൽ ഹർജിയുമായി കണ്ണുനീർ ഒഴുക്കിക്കൊണ്ട് വരുന്നവർ. പക്ഷേ കടലാസുകൾ മുഴുവൻ വാങ്ങി വെയ്ക്കാം എന്നല്ലാതെ അധികാരം ഉണ്ടായിട്ടും അവർക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന് ധർമ്മപാലൻ തിരിച്ചറിയുന്നു. കടലാസുകൾ ചലിക്കില്ല. അവ നിശ്ചലം ആക്കപ്പെടുന്നു.

തന്നെപ്പോലുള്ളവരുടെ കൈയായും ശബ്ദമായും ഈ ഗവൺമെന്റിനുള്ളിൽ പ്രവർത്തിക്കണമെന്ന ഉറച്ച തീരുമാനത്തിൽ അധികാരത്തിന്റെ കടലാസ് എടുക്കുന്ന ധർമ്മപാലൻ എഴുതാൻ തുടങ്ങുമ്പോൾ കൈകൾ വിറയ്ക്കുന്നു. അരുതാത്തതെന്തോ ചെയ്യുന്നതു പോലുള്ള തോന്നലിൽ ഞെട്ടുന്നു. എങ്കിലും എല്ലാം വിശദമായി

എഴുതി നടപടികൾക്കായി അയയ്ക്കുന്നു. ഇല്ലെങ്കിൽ ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർക്കെതിരെ നടപടിയെടുക്കുമെന്ന തീരുമാനത്തിൽ എത്തി. നടപടി വേഗത്തിൽ തന്നെ ഉണ്ടായി, പക്ഷേ ദയനീയമായിരുന്നു എന്നുമാത്രം. കടലാസ് ദുർവിധി പോലെ പതിച്ചത് ഡോക്ടർ മാണിക്യത്തിന്റെ തലയിലാണ്. ദളിതൻ ആയതുകൊണ്ട് മാത്രം ഭ്രാന്തൻമാരെയും തോട്ടികളെയും ഭ്രാന്തന്മാരെയും ചികിത്സിക്കാൻ വിധിക്കപ്പെട്ട തോട്ടി ഡോക്ടർ എന്ന വിളിപ്പേരു വീണ സാധുവാണ് അദ്ദേഹം. ഡോക്ടർ മാണിക്യത്തിന്റെ തന്നെ വാക്കുകൾ എടുത്താൽ 'സാർ ഞാൻ എസ്.സി ക്വാട്ടയിൽ വന്നവനാ. എന്നെപ്പോലുള്ള ആളുകൾക്ക് ഇവിടെ ഒരു സ്ഥാനവും ഇല്ല. വൃത്തികെട്ട ഏതോ പ്രാണിയെ നോക്കുന്നത് മാതിരിയാണ് എന്നെ ഇവരെക്കെ നോക്കുന്നത്. ഞാൻ സർവീസിൽ കയറി ഇപ്പോൾ പതിനെട്ട് കൊല്ലം കഴിഞ്ഞിരിക്കുന്നു. പക്ഷേ ഇന്നുവരെ അന്തസ്സായിട്ട് ചെയറിൽ ഇരുന്ന് രോഗികളെ നോക്കിയിട്ടില്ല. സർവീസ് മുഴുവൻ പോസ്റ്റുമാർട്ടം ചെയ്യാനും ഇതു പോലുള്ള സ്ഥലങ്ങളിൽ പണിയെടുക്കാനുമാ എന്റെ നിയോഗം. ഇവിടെ വലിയ ജാതിയിലുള്ള ഒരൊറ്റയാൾ ഇല്ല. ഈ ചെറിയ ഡോക്ടറും എന്റെ ജാതിയാ.. ക്ലിനിക്ക് വച്ചാൽ ഉയർന്ന ജാതിക്കാരൻ വരില്ല പഠിച്ച പഠിത്തത്തിന് വേറെ എവിടെ പോയാലും അന്തസ്സായി ജീവിക്കാമായിരുന്നു. ഒരു ഡോക്ടർ ആകണം എന്ന് സ്വപ്നം കണ്ട് രാവും പകലും ഇരുന്ന് പഠിച്ചവനാണ് സർ.... ഇതാ തോട്ടികളുടെ ഒപ്പം തോട്ടി ഡോക്ടറായി എന്നെ ഇരുത്തിയിരിക്കുന്നു...' ഏഴു കൊല്ലമായി പ്രമോഷൻ തടസപ്പെട്ടിരുന്നു. മാണിക്യം കേസ് കൊടുത്തു അനുകൂലമായി വിധി സമ്പാദിച്ചപ്പോഴാണ്

ധർമ്മപാലന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്യപ്പെട്ടത്. ഇനി അയാൾ റിട്ടയർമെൻറ് വരെയും തോട്ടി ഡോക്ടറായി തന്നെ അവശേഷിക്കും. ഒരു ദളിതൻ സദ്ഉദ്ദേശത്തോടുകൂടി തന്റെ ജനതയുടെ നന്മയെ കരുതി ചെയ്ത പ്രവൃത്തി സത്യസന്ധനായ മറ്റൊരു ദളിതന്റെ നാശത്തിലേക്കാണ് ചെന്നെത്തിയത്. അഴിമതിക്കാരായ ഒറ്റ സവർണ്ണനെയും തൊടാൻ ആ റിപ്പോർട്ടിന് സാധിച്ചില്ല.

മാണിക്യം തോട്ടികളുടെ ഡോക്ടർ ആയിരുന്നുവെങ്കിൽ ധർമ്മപാലൻ സിവിൽ സർവീസിലെ തോട്ടി ആയിരുന്നു. പേജ് 38-ൽ ധർമ്മപാലൻ തന്റെ അവസ്ഥ വിശദീകരിക്കുന്നുണ്ട്. ധർമ്മപാലനെ അധികാരത്തിന്റെ കൂട്ടിലേക്ക് പ്രവേശിക്കാൻ അനുവദിച്ചതേയില്ല. 'എനിക്ക് അവർ തന്ന പണികൾ മാത്രമേ ചെയ്യാനാവൂ. ഒരു ഗുമസ്തനെ പോലും എനിക്ക് ഭരിക്കാൻ ആവില്ല എന്നു ഞാൻ മനസ്സിലാക്കി. ഞാൻ പറഞ്ഞ ഒറ്റ വാക്കുപോലും മറ്റുള്ളവരുടെ കാതിൽ വീണില്ല. പേജ് 39-ൽ പറയുന്നത് നോക്കൂ അധികാരത്തിന്റെ ഉത്തരവാദിത്വം മുഴുവൻ പേറിക്കൊണ്ട് ഒരു അധികാരവുമില്ലാതെ ജീവിക്കുന്ന നഗരത്തിൽ ഞാൻ ചെന്നു ചേർന്നു. ഞാൻ പണിയെടുത്ത ഓരോ ഓഫീസിലും എനിക്കു താഴെ ഒരു ശക്തനായ രണ്ടാംനില ഉധ്യോഗസ്ഥൻ ഉണ്ടാവും. അയാൾ ആ ഭാഗത്ത് ഏറ്റവും കൂടുതലുള്ള ജാതിയിൽപ്പെട്ട ആളായിരിക്കും. ഭരണകക്ഷിയിലെ പ്രമുഖർക്കോ ഉന്നത അധികാരികൾക്കോ വേണ്ടപ്പെട്ട ആളായിരിക്കും. ഞാൻ വന്ന ഏതാനും ദിവസങ്ങൾക്കുള്ളിൽ മുഴുവൻ അധികാരവും അയാളുടെ കൈകളിലേക്ക് ചെന്നുചേരും. അയാളുടെ ഉത്തരവുകൾ മാത്രമേ

നടക്കുകയുള്ളൂ. അയാളാണ് ഭരിക്കുന്നതെന്ന് എല്ലാവരും അറിഞ്ഞിരിക്കും. എന്നാൽ അയാളെന്നോട് ഭവ്യതയോടെ പെരുമാറും. ജാതി എന്ന ഒറ്റ കാരണമാണ് മാണിക്യവും ധർമ്മപാലനും നേരിടുന്ന വിവേചനത്തിന്റെ അടിസ്ഥാനം. പ്രത്യക്ഷമായി അവർ അഴിമതി കാണിക്കുകയോ ആരോടെങ്കിലും കയർക്കുകയോ രാഷ്ട്രീയക്കാരെ ശത്രുപക്ഷത്ത് നിർത്തുകയോ ഒന്നുംതന്നെ ചെയ്യുന്നില്ല. ഒരു കാരണവുമില്ലാതെ ജനിച്ച ജാതിയുടെ പേരിൽ മാത്രം വേട്ടയാടപ്പെടുന്നവർ ആണവർ. സമൂഹം ഏറ്റവും ഉന്നതമെന്ന് കരുതുന്ന രണ്ട് ഉദ്യോഗങ്ങളാണ് സിവിൽ സർവീസും ഡോക്ടറും. പക്ഷേ അവിടേക്ക് രണ്ട് ദളിതർ എത്തുമ്പോൾ അവർക്ക് ബഹുമാനം കിട്ടുന്നില്ല എന്നുമാത്രമല്ല വീണ്ടും അവർ കോമാളികളായി മാറുന്നു. 'തോട്ടി ഡോക്ടറും സിവിൽ സർവീസിലെ തോട്ടിയും' ആയി മാത്രം അവർ ചുരുങ്ങിപ്പോകുന്നു.

തന്റെ അധികാര ഇടത്തിലേക്ക് കയറിവന്ന മകൻറെ ഭാര്യയോട് യുദ്ധം ചെയ്ത് മകനെ വീണ്ടെടുക്കാൻ ധർമ്മ പാലന്റെ അമ്മ ശ്രമിക്കുന്നു. സുധ ഒരു സവർണ്ണ സ്ത്രീയാണ് എന്നത് മാത്രമാണ് ആ അമ്മയുടെ പ്രശ്നം. വെളുത്ത നിറത്തോട് അവർക്ക് വെറുപ്പാണ്. വെളുപ്പ് ക്രൂരതയുടെയും വഞ്ചനയുടെയും നിറം ആയിട്ടാണ് അവർ കരുതുന്നത്. തന്റെ മകനെ ഒരു സവർണസ്ത്രീ കയ്യടക്കി വെച്ചിരിക്കുന്നത് അവർക്കൊട്ടും സഹിക്കുന്നില്ല. തന്നാലാവും വിധമുള്ള എല്ലാ പ്രതിഷേധങ്ങളും അവർ സുധയ്ക്ക് മുകളിൽ ചൊരിയുന്നു. തന്റെ അധികാര ഇടത്തിലേക്ക് കയറിവന്ന സവർണ്ണതയെ പല്ലും നഖവും ഉപയോഗിച്ച് തന്നെ അവർ ആക്രമിക്കുന്നുണ്ട്. എന്നാൽ അവരുടെ തിരിച്ചറിവും

പോരാട്ടവീര്യവും ധർമ്മപാലനോ ഡോക്ടർ മാണിക്യത്തിനൊ ഇല്ല എന്നതും നമുക്ക് കാണാം.

ഈ നോവലിൽ ഡോക്ടറും സിവിൽ സർവീസ് ഉദ്യോഗസ്ഥനും ജാതീയമായി വേട്ടയാടപ്പെട്ടുമ്പോഴും അവർ അതിനെതിരെ പോരാടാൻ തയ്യാറാകുന്നില്ല എന്ന് നാം കാണുന്നു. മറ്റുള്ളവർ തങ്ങളോട് കാണിക്കുന്ന വിവേചനങ്ങളെ സഹിച്ചുകൊണ്ട് നിശബ്ദമായി അവർ നിലകൊള്ളുകയാണ് . ഈ നിശബ്ദത തന്നെയാണ് അവർ വേട്ടയാടപ്പെടുന്നതിന്റെ കാരണവും. പോരാട്ടവീര്യം തീരെ ഇല്ലാത്തവരാണ് അവർ. അവകാശങ്ങൾക്കുവേണ്ടി പോരാടിയിട്ടുള്ളവർക്ക് വേണ്ടി മാത്രമേ ചരിത്രം നിലകൊണ്ടിട്ടുള്ളൂ. ശ്രീനാരായണഗുരുവും അംബേദ്കറും അയ്യങ്കാളിയും ഒക്കെ സവർണ മേൽകോയ്മയോട് നടത്തിയ നിരന്തര പോരാട്ടം നമുക്കറിയാമല്ലോ. തമിഴ്നാട്ടിലെ സേവന കാലഘട്ടത്തിലാണല്ലോ കൂടുതൽ വിവേചനം നേരിടുന്നത്. നവോത്ഥാനത്തിലൂടെ കേരളം കൈവരിച്ച സാമൂഹിക അന്തരീക്ഷം മറ്റ് സംസ്ഥാനങ്ങളിൽ കാണുന്നില്ല. അവകാശങ്ങൾക്കുവേണ്ടി പോരാടാൻ സാധിച്ചില്ലെങ്കിൽ എവിടെയും ചൂഷണങ്ങൾ നേരിടേണ്ടിവരും. ശ്രീനാരായണഗുരുശിഷ്യന്റെ ആശ്രമത്തിൽ വളർന്നിട്ടും ജാതീയ അടിച്ചമർത്തലുകൾക്കെതിരെ പോരാടുവാൻ ധർമ്മപാലന് കഴിയുന്നില്ല എന്നത് വൈരുദ്ധ്യം തന്നെ.

'ജാതിയടിസ്ഥാനത്തിൽ നിങ്ങൾക്കൊന്നും നിർമ്മിക്കാൻകഴിയില്ല. ഒരു രാജ്യവും ഒരു ധർമ്മവും നിങ്ങൾക്കുണ്ടാക്കുവാനും കഴിയില്ല' എന്ന **ഡോക്ടർ ബി. ആർ അംബേദ്കറുടെ** വാക്കുകൾ ഇവിടെ പ്രസക്തമാകുന്നു.

## ഗ്രന്ഥസൂചി


1) *"നൂറ്സിംഹാസനങ്ങൾ"*.,എസ്.ജയമോഹൻ.,ലോഗോസ് ബുക്ക്സ് പ്രസിദ്ധീകരണം , 2016
2) *'ചട്ടമ്പി സ്വാമികൾ ഒരു നൈഷ്ഠിക ജീവചരിത്രം'*.,ആർ.രാമൻ നായർ & സുലോചന ദേവി.( മലയാളം വിവർത്തനം വൈക്കം വിവേകാനന്ദൻ ), പ്രസിദ്ധീകരിച്ചത് സൗത്ത് ഇന്ത്യൻ സ്റ്റഡീസ് ,2016.
3) ഡോക്ടർ ബി ആർ അംബേദ്കറുടെ 'അനിഹിലേഷൻ ഓഫ് കാസ്റ്റ്'' എന്ന ബുക്കിന്റെ മലയാള വിവർത്തനം.
4) ഇന്ത്യൻ ഭരണഘടന , ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ വകുപ്പ്.


**ഇന്റർനെറ്റിൽ നിന്നും ലഭ്യമായത്**


1) http://www.chintha.in/index.php/2013,വർഗസമരവും ജാതിസംവരണവുംകെ., എ വേണുഗോപാല
2) http://marumozhy.blogspot.com/2008/02/blog-post.html., സംവരണം വേണോ? ആർക്ക്? എന്തിന്?
3) http://sathyaanweshi.blogspot.com/2009/10/blog-post_18.html., ഈ ജാതി സംവരണത്തിൽ ആർക്കും എതിർപ്പില്ലാത്തതെന്തേ?
4) https://www.mathrubhumi.com/news/kerala/
5) https://www.azhimukham.com/.,പാഠം ഒന്ന്: സംവരണം ദാരിദ്ര്യനിർമ്മാർജ്ജനത്തിനല്ല
6) http://www.deshabhimani.com/articles/news-articles., കറുത്ത പൂച്ചയെ ഇരുട്ടത്ത് തിരയുന്നവർ